പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1974 — 14.08.2017 -ൽ മറുപടിക്ക്.

# മണ്ണെണ്ണ വിഹിതം

| ചോദ്യം<br>**ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | കേന്ദ്ര സർക്കാറിൽ നിന്നുള്ള പ്രതിമാസ മണ്ണെണ്ണ വിഹിതം എത്രയാണ്; ഇതിൽ നിന്ന് മത്സ്യബന്ധന ബോട്ടുകൾക്ക് നൽകുന്ന മണ്ണെണ്ണ എത്രയാണ്; | (എ) 2017-2018 വർഷത്തിലെ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേയ്ക്കുള്ള മണ്ണെണ്ണ വിഹിതം 15456 കിലോ ലിറ്ററാണ്. ഇതിൽ നിന്ന് മത്സ്യബന്ധന മേഖലയ്ക്ക് 3164 കിലോ ലിറ്റർ മണ്ണെണ്ണ അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (ബി) | വൈദ്യുതീകരിച്ചതും അല്ലാത്തതുമായ വീടുകൾക്ക് എത്ര ലിറ്റർ മണ്ണെണ്ണ വീതം നൽകുന്നുണ്ട് ; | (ബി) വൈദ്യുതീകരിച്ച വീടുകൾക്ക് അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്ററും മണ്ണെണ്ണ വീതമാണ് നല്കുന്നത്. |
| (സി) | കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ വൈദ്യുതീകരിക്കാത്ത വീടുകൾക്ക് ഇനി മണ്ണെണ്ണ നൽകേണ്ട ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (സി) വകുപ്പിലെ വിവരങ്ങളനുസരിച്ച് കുറേ വീടുകൾ കൂടി വൈദ്യുതീകരിക്കാനുണ്ട്. ആയതിനാൽ അവയ്ക്ക് മണ്ണെണ്ണ നല്കേണ്ടതുണ്ട്. |
| (ഡി) | മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ ആവശ്യമുണ്ടെങ്കിൽ സംസ്ഥാനം പ്രത്യേക അപേക്ഷ നൽകേണ്ടതുണ്ടോ; എങ്കിൽ കേരളം അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (ഡി) മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | റേഷൻ കടകളിലൂടെ മാത്രം വിതരണം ചെയ്യാൻ കേന്ദ്രം നൽകുന്ന മണ്ണെണ്ണ ഇപ്പോഴും തിരിമറി നടത്തുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) ഇത്തരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (എഫ്) കേന്ദ്രം നൽകുന്നതിൽ നിന്ന് എത്ര ലിറ്റർ മണ്ണെണ്ണയാണ് മത്സ്യ ബന്ധന ബോട്ടുകൾക്കും കാർഷിക ആവശ്യത്തിനും നൽകുന്നത്; ഈ രണ്ടു ആവശ്യങ്ങൾക്കും മണ്ണെണ്ണ നൽകുന്നതാണ് കേരളത്തിന്റെ വിഹിതം വെട്ടിക്കുറയ്ക്കാൻ കാരണം എന്നത് ശരിയാണോ ; മണ്ണെണ്ണ മാറ്റി വിറ്റതിനെതിരെ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ എതിർപ്പിന്റെ കൂടി അടിസ്ഥാനത്തി ലാണോ വിഹിതം കുറഞ്ഞതെന്ന് വ്യക്തമാക്കുമോ ; | (എഫ്) 2017-18 ഒന്നാം പാദത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് 3164 കിലോ ലിറ്റർ മണ്ണെണ്ണയും കാർഷിക മേഖലയ്ക്ക് 45 കിലോ ലിറ്റർ മണ്ണെണ്ണയും അനുവദിച്ചിട്ടുണ്ട്. പി.ഡി.എസ് മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമാണ് കേന്ദ്രം ലഭ്യമാക്കുന്നത്. എൽ.പി.ജി കണക്ഷനുകളിലും വൈദ്യുതീകരിച്ച വീടുകളിലും ഉണ്ടായ വർദ്ധനയാണ് വിഹിതം വെട്ടിക്കുറയ്ക്കാൻ ഉണ്ടായ കാരണമായി കേന്ദ്ര സർക്കാർ പറയുന്നത്. പി.ഡി.എസ് മണ്ണെണ്ണ മത്സ്യബന്ധനം ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാൽ 2014-15 കാലയളവിൽ മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചുവെങ്കിലും സംസ്ഥാനത്തിന്റെ അപേക്ഷ പരിഗണിച്ച് അത് പുന:സ്ഥാപിച്ചു നല്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ